ॐ



കാര്യകാരണവസ്തൈ്വക്യമർശനം പടതന്തുവത്
അവസ്തുത്വാദ്വികൽപസ്യ ഭാവാദ്വൈതം തദുച്യതേ (7-15-63)
യദ്ബ്രഹ്മണി പരേ സാക്ഷാത് സർവ്വകർമ്മസമർപ്പണം
മനോവാക്തനുഭി: പാർത്ഥ ക്രിയാദ്വൈതം തദുച്യതേ (7-15-64)
ആത്മജായാസുതാദീനാമന്യേഷാം സർവദേഹിനാം
യത് സ്വാർത്ഥകാമയോരൈക്യം ദ്രവ്യാദ്വൈതം തദുച്യതേ (7-15-65)

*നാരദമുനി തുടർന്നു:*
അജ്ഞാനിയായ ഒരുവൻ, ഇഹലോകത്തെ ഉൺമയെന്നു ധരിക്കുന്നു. ചെറിയൊരു കുട്ടി, കണ്ണാടിയിൽ കാണുന്ന പ്രതിബിംബത്തെ യാഥാർത്ഥ്യമെന്ന് കണക്കാക്കുന്നതു പോലെയാണത്. നിഴലിൽ കാണുന്നത് യാഥാർത്ഥ്യമോ പഞ്ചഭൂതനിർമ്മിതിയോ അല്ല. ദ്രവ്യങ്ങളെല്ലാം സൂക്ഷ്മദ്രവ്യങ്ങളുടെ സങ്കലനപ്രക്രിയ കൊണ്ടുണ്ടായവയാണ്. ദ്രവ്യങ്ങൾ അയഥാർത്ഥമാണെന്ന സഹജാവബോധം നമുക്കുണ്ടെങ്കിൽ, സൂക്ഷ്മങ്ങളായ പഞ്ചഭൂതങ്ങൾ യാഥാർത്ഥ്യമാണെന്നതിന് ഉറപ്പെന്താണുള്ളത്? വ്യക്തിത്വത്തെപ്പറ്റി നാം ചിന്തിക്കുന്നത് പരംപൊരുളിൽ നാനാത്വമാരോപിക്കുന്നതുകൊണ്ടാണല്ലോ. ധർമ്മശാസ്ത്രപ്രകാരമുള്ള നിയമങ്ങൾ പോലും ആപേക്ഷികമായ തലങ്ങളിൽ മാത്രമേ ബാധകമായിട്ടുള്ളൂ.

അതിനാൽ വിവേകിയായ ഒരുവൻ മനസാ, കർമ്മണാ, ഏകത്വഭാവമുൾക്കൊണ്ടുകൊണ്ട് ദ്രവ്യങ്ങളിൽ പോലും ഏകത്വം ദർശിച്ച് ആത്മസാക്ഷാത്ക്കാരം നേടണം. കാര്യകാരണങ്ങൾ തമ്മിൽ വ്യത്യാസമില്ലെന്നു മനസിലാക്കി, അവയിൽ ഐക്യബോധമുണ്ടാവുമ്പോൾ അത് ഭാവാദ്വൈതമായി. മനസാ വാചാ കർമ്മണായുള്ള എല്ലാം പരംപൊരുളിലർപ്പിക്കുമ്പോൾ അത് ക്രിയാദ്വൈതം. സ്വഭാര്യ, മകൻ തുടങ്ങിയവരും, എല്ലാജീവികളും, സ്വാർത്ഥതാൽപര്യങ്ങളും, പൊതുതാൽപര്യങ്ങളും, എല്ലാമെല്ലാം ഒന്നെന്ന ബോധമുണ്ടാവുമ്പോൾ അത് ദ്രവ്യാദ്വൈതം.

ഏതു വിധേനയും ഒരുവൻ തന്റെ കർമ്മങ്ങൾ ഭക്തിയോടെ ഈശ്വരചിന്തയോടെ ചെയ്തു തീർക്കണം. ഇങ്ങിനെ ജീവിതം നയിക്കുന്നവർക്കും ഭക്തിയുണ്ടെങ്കിൽ ആ സവിധം പൂകാം. രാജാവേ, നിങ്ങൾ ഏവരും പലവിധ കഷ്ടപാടുകളും ദുരിതങ്ങളും തരണം ചെയ്തത് ഭഗവാൻ കൃഷ്ണന്റെ സഹായത്താലാണല്ലോ. അവിടുത്തെ കൃപയാൽ നിങ്ങൾക്ക് മുക്തിപദവും ലഭിക്കും. നിങ്ങളിൽ ഒരാളായി മനുഷ്യനായി വർത്തിക്കുമ്പോഴും ആ ഭഗവാൻ സ്വയം പരംപൊരുളാണെന്ന് മനസിലാക്കുക.

എന്റെ കഴിഞ്ഞ ജന്മങ്ങളിലൊന്നിൽ ഞാൻ സ്വർഗ്ഗഗായകനായിരുന്നു. മദ്യവും മദിരയും എനിക്കു പ്രിയമായിരുന്നു. ഒരു ദിവസം, ദേവന്മാർ നടത്തിയ ഒരു കർമ്മത്തിൽ പങ്കെടുക്കാൻ ഞാൻ കുറേ സ്ത്രീകളോടൊപ്പം ചെന്നു. കുടിച്ചു ബോധം കെട്ട് ആഭാസപരമായ പാട്ടുകൾ പാടുകയും ചെയ്തു. ഇതുകേട്ട് കോപിതരായ ദേവകൾ എന്നെ ശപിച്ചു. ഉടനേ തന്നെ ഞാൻ ഒരു വീട്ടു ജോലിക്കാരിയുടെ മകനായി ശൂദ്രകുലത്തിൽ പിറന്നു. ആ ജന്മത്തിൽ ഞാൻ മഹാത്മാക്കളെ സേവിക്കുകയും ഭഗവൽഭക്തി വളർത്തിയെടുക്കുകയും ചെയ്തു. അതുകൊണ്ട് ഇപ്പോൾ ഞാൻ സൃഷ്ടാവിന്റെ മാനസ പുത്രനായിത്തീർന്നു. അതാണ് ഭഗവദ്ഭക്തിയുടെ മാഹാത്മ്യം.

*ശുകമുനി തുടർന്നു:*
കൃഷ്ണനോടും യുധിഷ്ഠിരനോടും യാത്രപറഞ്ഞ് നാരദൻ അവടെനിന്നും പോയി.